## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.1241

20.01.2014-ൽ
മറുപടിയ്ക്ക്

## അട്ടപ്പാടിയിലെ ആദിവാസികളുടെ ഭൂമി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.കെ.ബാലൻ | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) അട്ടപ്പാടിയിൽ ആദിവാസികളുടെ എത്ര ഹെക്ടർ ഭൂമി അന്യാധീനപ്പെട്ടിട്ടുണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്; | (എ) 1385.4251 ഹെക്ടർ |
| (ബി) ഇതിൽ എത്ര ഹെക്ടർ ഭൂമി തിരിച്ചുപിടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇതിൽ എത്ര ഭൂമി ആദിവാസികൾക്ക് കൈമാറിയിട്ടുണ്ട്; | (ബി) 39.6940 ഹെക്ടർ |
| (സി) ആദിവാസി ഭൂമി നഷ്ടപ്പെട്ടതും/ കൈയ്യേറിയതും സംബന്ധിച്ച് എത്ര കേസ്സുകൾ ഇപ്പോൾ കോടതിയിലുണ്ട്; ഈ സർക്കാർ വന്നതിനുശേഷം എത്ര കേസ്സുകൾ തീർപ്പായിട്ടുണ്ട്; ഇതു പ്രകാരം ആർക്കെങ്കിലും ഭൂമി തിരികെ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (സി) 955 കേസുകൾ നിലവിലുണ്ട്.<br>ഈ സർക്കാർ വന്നതിനു ശേഷം 85 കേസുകൾ തീർപ്പാക്കിയിട്ടുണ്ട്. 12.4118 ഹെക്ടർ ഭൂമി അതു പ്രകാരം തിരികെ നൽകിയിട്ടുണ്ട്. |
| (ഡി) ആദിവാസികളുടെ ഭൂമി പാട്ടത്തിനെടുത്ത് കൃഷി ചെയ്യാൻ അനുവാദം നൽകാറുണ്ടോ; എങ്കിൽ എത്ര ഭൂമി ഇപ്രകാരം നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ഡി) ഇല്ല;<br>അനുവാദം നൽകിയിട്ടില്ല. |
| (ഇ) ആദിവാസി ഭൂമി പാട്ടത്തിനെടുത്ത് കൈവശപ്പെടുത്തിയവർ തിരികെ നൽകാത്തത് സംബന്ധിച്ച് പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഇ) ഉണ്ട്. ഒരു പരാതി ലഭിക്കുകയും ആയത് തിരികെ നൽകുവാൻ ഉത്തരവായിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ